# Athmaraksha.org

ലുത്തിനിയ

## ദൈവകാരുണ്യത്തിന്റെ ലുത്തീനിയാ-Litany




### ദൈവകാരുണ്യത്തിന്റെ ലുത്തീനിയാ

കർത്താവേ അനുഗ്രഹിക്കണമേ.
മിശിഹായേ അനുഗ്രഹിക്കണമേ.
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ
സ്വർഗസ്ഥപിതാവായ ദൈവമേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.
പുത്രനായ ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ
പരിശുദ്ധാത്മാവായ. ദൈവമേ
ഞങ്ങളെ അനുഗ്രഹിക്കണമേ.
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ
ഞങ്ങളെ അനുഗ്രഹിക്കണമേ.

'ഞങ്ങൾ അങ്ങയിൽ ശരണപ്പെടുന്നു' എന്ന് ഏറ്റു ചൊല്ലുക
സൃഷ്ടാവിന്റെ ഏറ്റവും വലിയ വിശേഷമായ ദൈവകാരുണ്യമേ,
പരിശുദ്ധാത്മാവിന്റെ അളവില്ലാത്ത സ്നേഹമായ ദൈവകാരുണ്യമേ,
പരിശുദ്ധത്രിത്വത്തിന്റെ അഗ്രാഹ്യരഹസ്യമായ ദൈവകാരുണ്യമേ,
അത്യുന്നതന്റെ സർവ്വശക്തിയുടെ പ്രകടമായ ദൈവകാരുണ്യമേ,
അമാനുഷസൃഷ്ടികളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവകാരുണ്യമേ,
ഇല്ലായ്മയിൽനിന്ന് ഞങ്ങളെ വിളിച്ച ദൈവകാരുണ്യമേ,
പ്രപഞ്ചത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ദൈവകാരുണ്യമേ,
ഞങ്ങളിൽ അമർത്യത വിതയ്ക്കുന്ന ദൈവകാരുണ്യമേ,
അർഹിക്കുന്ന ശിക്ഷയിൽനിന്ന് ഞങ്ങളെ സംരക്ഷിക്കുന്ന ദൈവകാരുണ്യമേ
പാപത്തിന്റെ ദുരിതത്തിൽനിന്ന് ഞങ്ങളെ ഉയർത്തുന്ന ദൈവകാരുണ്യമേ,

സൃഷ്ടിലോകത്തിൽ ഞങ്ങളുടെ നീതീകരണമായ ദൈവകാരുണ്യമേ,
യേശുവിന്റെ മുറിവുകളിൽ നിന്ന് ഒഴുകുന്നദൈവകാരുണ്യമേ,
യേശുവിന്റെ പരിശുദ്ധഹൃദയത്തിൽ നിന്നും പുറപ്പെടുന്ന ദൈവകാരുണ്യമേ,
കരുണയുടെ മാതാവായ കന്യകാമറിയത്തെ ഞങ്ങൾക്കു തന്ന ദൈവകാരുണ്യമേ,
പരിശുദ്ധകൂദാശകളിൽ  അടങ്ങിയിരിക്കുന്ന ദൈവകാരുണ്യമേ,
മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി നൽകിയ ജ്ഞാനസ്നാനത്തിന്റെയും
കുമ്പസാരത്തിന്റെയും കൂദാശകളിൽ അടങ്ങിയിരിക്കുന്നദൈവകാരുണ്യമേ,
വിശുദ്ധ കുർബ്ബാനയിലും പൗരോഹിത്യത്തിലും പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന ദൈവകാരുണ്യമേ,
ക്രിസ്തീയവിശ്വാസത്തിലേക്ക് ഞങ്ങളെ ക്ഷണിച്ച ദൈവകാരുണ്യമേ,
നീതിമാന്മാരുടെ വിശുദ്ധീകരണത്തിന് പ്രകടിതമായിരിക്കുന്ന ദൈവകാരുണ്യമേ,
പരിശുദ്ധരെ പൂർണ്ണതയിലെത്തിക്കുവാൻ സഹായിക്കുന്ന ദൈവകാരുണ്യമേ,
വിശുദ്ധരെ പൂർണ്ണതയിലെത്തിക്കുവാൻ സഹായിക്കുന്ന ദൈവകാരുണ്യമേ,
രോഗികളുടെയും സഹിക്കുന്നവരുടെയും ആരോഗ്യപാത്രമായ ദൈവകാരുണ്യമേ,
വേദനിക്കുന്നവരുടെ ആശ്വാസവും പ്രതീക്ഷയായ ദൈവകാരുണ്യമേ,
നിരാശയിൽ വേദനിക്കുന്ന ആത്മാക്കളുടെ പ്രതീക്ഷയുമായ ദൈവകാരുണ്യമേ,
എല്ലാവരെയും എപ്പോഴും എവിടെയും അനുഗമിക്കുന്ന ദൈവകാരുണ്യമേ,
പ്രസാദവരങ്ങളാൽ മുന്നാസ്വാദനം നൽകുന്ന ദൈവകാരുണ്യമേ
മരിക്കുന്നവരുടെ ആശ്വാസമാകുന്ന ദൈവകാരുണ്യമേ
ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളുടെ ആശ്വാസമായ ദൈവകാരുണ്യമേ,
അനുഗ്രഹീതരുടെ സ്വർഗ്ഗീയ ആനന്ദമായ ദൈവകാരുണ്യമേ,
എല്ലാ വിശുദ്ധരുടെയും കിരീടമായ ദൈവകാരുണ്യമേ,
അത്ഭുതങ്ങളുടെ വറ്റാത്ത ഉറവയായ ദൈവകാരുണ്യമേ,

കുരിശിൽ മരിച്ച്, ഞങ്ങളുടെ മേൽ വലിയ കരുണ കാണിച്ച ദൈവത്തിന്റെ കുഞ്ഞാടേ,
കർത്താവേ ഞങ്ങളെ ദയാപൂർവ്വം ശ്രദ്ധിക്കണമേ
എല്ലാ വിശുദ്ധ ബലികളിലും ഞങ്ങൾക്കുവേണ്ടി കരുണാപൂർവ്വം സ്വയം സമർപ്പിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
കർത്താവേ ഞങ്ങളെ ദയാപൂർവ്വം ശ്രവിക്കേണമേ
അളവില്ലാത്ത അങ്ങയുടെ കരുണയിൽ ലോകപാപങ്ങളെല്ലാം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
കർത്താവേ, ഞങ്ങളെ ദയാപൂർവ്വം ശ്രവിക്കേണമേ.
കർത്താവേ കനിയേണമേ
മിശിഹായേ കനിയേണമേ
കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ
കർത്താവിന്റെ എല്ലാ സൃഷ്ടികളിലും അവിടുത്തെ മൃദുവായ കരുണ പരന്നിരിക്കുന്ന
കർത്താവിന്റെ കരുണയെ ഞാനെന്നും പാടിപ്പുകഴ്ത്തുന്നു.

നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ, അങ്ങയുടെ കരുണ അനന്തവും, അങ്ങയുടെ ദയ വറ്റാത്തതുമാകുന്നുവല്ലോ. ദയാപൂർവ്വം ഞങ്ങളെ കടാക്ഷിക്കണമേ. ഞങ്ങളുടെമേൽ അങ്ങയുടെ കരുണ വർദ്ധിക്കണമേ. അങ്ങനെ ഞങ്ങളുടെ വലിയ പരീക്ഷകളിൽ മനംമടുക്കാതെ അങ്ങയുടെ തിരുമനസ്സ തന്നെയായ കാരുണ്യത്തിന് വിധേയരാകട്ടെ. കാരുണ്യത്തിന്റെ രാജാവും അങ്ങയോടും പരിശുദ്ധാത്മാവോടുംകൂടെ വസിക്കുന്നവനുമായ ഞങ്ങളുടെ കർത്താവായ യേശു ഞങ്ങൾക്ക് കാരുണ്യം പകർന്നുതരട്ടെ. എപ്പോഴും എന്നേക്കും ആമ്മേൻ.

+++